# ട്രാൻസ്ഫോമിംഗ് ഇന്ത്യയും സർക്കാർ ഒപ്പമുള്ള കേരളവും

2017 മെയ് മാസത്തിൽ അധികാരത്തിൽ മൂന്നാം വർഷം പിന്നിട്ട കേന്ദ്ര സർക്കാരും ഒന്നാം വർഷം പൂർത്തിയാക്കിയ കേരള സർക്കാരും ആഘോഷപൂർവ്വം വാർഷികാചരണ ങ്ങൾ കൊണ്ടാടുകയുണ്ടായി. ദൃശ്യ-ശ്രവ്യ-നവ മാദ്ധ്യമ ങ്ങളെല്ലാം, 'ത്രീ ഇയേഴ്സ് ഓഫ് ട്രാൻസ്ഫോമിംഗ് ഇന്ത്യ' യുടെയും 'സർക്കാർ ഒപ്പമുള്ളതി'ന്റെയും വർണശബളമായ കഥകൾ പബ്ളിക് റിലേഷൻ പരസ്യങ്ങളായി വിളങ്ങി. ഈവിധം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കോടികൾ ഒഴുക്കി കീർത്തിമുദ്രകൾ സ്വയം ചാർത്തുമ്പോൾ തെരു വിൽ ഒട്ടേറെ സമരങ്ങൾ ഭരണത്തെക്കുറിച്ചുള്ള സാരവ ത്തായ വിലയിരുത്തലുകളും വിമർശനങ്ങളും നടത്തി കടന്നുപോകുന്നുണ്ടായിരുന്നു. ആഘോഷങ്ങളുടെ കാന്തി കുറഞ്ഞുപോകാൻ കാരണമായിത്തീർന്ന ഈ സമരങ്ങളെ കേന്ദ്രവും സംസ്ഥാനവും സമാനമായ രീതിയിൽ തന്നെ 'പരിചരിച്ചു'. മധ്യപ്രദേശിൽ അത് തോക്കുകൊണ്ടായിരു ന്നെങ്കിൽ കേരളത്തിൽ ലാത്തി തന്നെ പതിവ് തുടർന്നു.

മധ്യപ്രദേശിലെ മന്ദ്സൗറിൽ കർഷക സമരത്തിന് നേരെയുണ്ടായ വെടിവയ്പ്പിൽ അഞ്ചു കർഷകരാണ് കൊല്ലപ്പെട്ടത്. ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കണ മെന്നും കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്നും ആയിരുന്നു അവരുടെ ആവശ്യം. ഉജ്ജയിൻ, ദേവാസ്, ഇൻഡോർ തുടങ്ങിയ സംസ്ഥാനത്തിന്റെ വിവിധ കോണു കളിലേക്ക് പടർന്നുപിടിച്ച കർഷകപ്രക്ഷോഭം മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ സംസ്ഥാനങ്ങളിലേക്ക് വ്യാപിക്കു കയുണ്ടായി. 'സർക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടു' എന്ന് എഴുതിവച്ച് കർഷകൻ ആത്മഹത്യ ചെയ്ത സംഭവം വരെ റിപ്പോർട്ട് ചെയ്യപ്പെട്ടു. കൂടുതൽ ദ്രുതകർമ്മ സേനയെ വിയോഗിച്ചും നിരോധനാജ്ഞ പ്രഖ്യാപിച്ചും കർഷക പ്രക്ഷോഭത്തെ നേരിടുന്നതിനുള്ള ശ്രമമാണ് എല്ലായി ടത്തും കണ്ടത്. ദില്ലിയിൽ ഒരു മാസം പ്രധാനമന്ത്രിയുടെ കൺമുന്നിൽ നടന്ന തമിഴ്നാട് കർഷകരുടെ അതിജീവന സമരത്തോടും തീർത്തും നിഷേധാത്മക സമീപനമാണ് കേന്ദ്രം സ്വീകരിച്ചത്. താത്കാലിക ഒത്തുതീർപ്പുകളുടെ മേൽ ഈ സമരങ്ങളെല്ലാം അൽപ്പം ശമിച്ചെങ്കിലും ഗ്രാമീണ ഇന്ത്യയിലെമ്പാടും അതുണ്ടാക്കിയ കനൽ ഇപ്പോഴും അണയാതെ കിടക്കുന്നുണ്ട്. വരൾച്ചയ്ക്കും വില യിടിവിനും പിന്നാലെ നോട്ടുപിൻവലിക്കലിന്റെ ക്ലേശങ്ങൾ കൂടി അനുഭവിക്കേണ്ടി വന്ന ഒരു ജനതയുടെ പ്രത്യുത്തരം ഇനിയും വരാനിരിക്കുന്നതേയുള്ളൂ എന്ന സൂചനയാണ് ഈ സമരങ്ങൾ നൽകുന്നത്.

സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യ ഭരിച്ച എല്ലാ സർക്കാ രുകളും തുടർച്ചയായി അവഗണിക്കുന്ന ഒരു വിഭാഗമായി കർഷകർ മാറിക്കഴിഞ്ഞല്ലോ. സാമ്പത്തിക വളർച്ചയ്ക്കും സൈനികശക്തിക്കും വേണ്ടിയുള്ള ഒരു രാജ്യത്തിന്റെ അട ങ്ങാത്ത അഭിനിവേശത്തിന് ഇരകളായിത്തീർന്ന കർഷ കർക്ക് മുന്നിൽ സമരങ്ങളല്ലാതെ മറ്റു വഴികൾ അവശേ ഷിക്കുന്നില്ല. ബഹുരാഷ്ട്ര കോർപ്പറേറ്റുകളുടെയും വൻകിട വ്യവസായികളുടെയും വായ്പകൾ നിസ്സംശയം എഴുതിത്തള്ളുന്ന ഒരു ഏജൻസിയായി സർക്കാർ മാറിയി രിക്കുന്ന ഈ കാലത്ത് ഇതല്ലാതെ മറ്റെന്താണ് അവർ ചെയ്യേണ്ടത്? മൂന്നാം വർഷം പിന്നിട്ട കേന്ദ്ര സർക്കാരിന്റെ 'ത്രീ ഇയേഴ്സ് ഓഫ് ട്രാൻസ്ഫോമിംഗ് ഇന്ത്യ' എന്ന പരസ്യം പത്രങ്ങളിൽ വെട്ടിത്തിളങ്ങുമ്പോൾ ആർക്കാണ് ശരിക്കും രൂപാന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണിച്ചുതരുകയായിരുന്നു ഗ്രാമീണ ഇന്ത്യ.

'നമുക്ക് ഒരുമിച്ച് മുന്നേറാം, സർക്കാർ ഒപ്പമുണ്ട്' എന്ന തായിരുന്നു ഒന്നാം വാർഷികം ആഘോഷിച്ച പിണറായി സർക്കാരിന്റെ പരസ്യവാചകം. എന്നാൽ ഒപ്പമല്ല, പ്രതിഷേ ധക്കാർക്ക് പിന്നാലെ തന്നെ ഉണ്ട് എന്നതിന്റെ വ്യക്തമായ സൂചനകളാണ് ഇടതുസർക്കാരിൽ നിന്നും പോലീസിൽ നിന്നും ജനങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. 'എന്തു വില കൊടുത്തും വികസന പദ്ധതികൾ നടപ്പിലാക്കും' എന്നാണ് സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബ ന്ധിച്ച് നടന്ന പത്രസമ്മേളനത്തിലും തുടർന്ന് മെട്രോ റെയിലിന്റെ ഉദ്ഘാടന മാമാങ്കത്തിലും മുഖ്യമന്ത്രി വ്യക്ത മാക്കിയത്. പുതുവൈപ്പിൽ ഐ.ഒ.സി പ്ലാന്റിനെതിരെ നടക്കുന്ന സമരത്തിനോട് പോലീസ് കാണിച്ച സമീപനം മുഖ്യമന്ത്രിയുടെ ഈ വാക്കുകൾ കൂടുതൽ ഉറപ്പിക്കുന്നു. 'വികസനത്തിന് തടസ്സം നിന്ന' പുതുവൈപ്പുകാരെ യതീഷ്ചന്ദ്ര ഐ.പി.എസ്സിനെ പോലെയുള്ള വിനീത സർക്കാർ സേവകർ തുടച്ചുനീക്കി. മെട്രോ ഉദ്ഘാടനത്തിന് പ്രധാനമന്ത്രി വരാനിരിക്കുന്നതിന് മുമ്പ് നടത്തിയ നഗര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായ ഒരു ക്ലീനിംഗ് പ്രോസസ്. പ്രധാനമന്ത്രിക്ക് തീവ്രവാദി ഭീഷണി യുള്ളതായി ഇന്റലിജൻസ് റിപ്പോർട്ട് നൽകിയതിനാലാണ് ലാത്തിച്ചാർജ്ജ് വേണ്ടിവന്നതെന്ന് ഡി.ജി.പി പിന്നാലെ ന്യായീകരിച്ചു. ഒരു ജനകീയ സമരത്തിന്റെ മുകളിൽക്കൂടി പതിവ് തീവ്രവാദമുദ്ര ചാർത്തപ്പെട്ടു. എന്നാൽ പുതുവൈ പ്പുകാർ ഉറച്ചുനിന്നതോടെ സർക്കാർ ചർച്ചയ്ക്ക് സന്നദ്ധ മായി. ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും അതിന്റെ റിപ്പോർട്ട് വരുന്നതുവരെ പ്ലാന്റിന്റെ നിർമ്മാണം നിർത്തിവയ്ക്കുകയും ചെയ്തു. ഇത് സാധ്യമാണെന്നി രിക്കെ പിന്നെ എന്തിനായിരുന്നു ലാത്തിച്ചാർജ്ജ്? ആദ്യം ലാത്തിവീശി വിരട്ടുക എന്നത് ഒരു നയമാണ്. വൻകിട വികസന പദ്ധതികളെ എതിർക്കുന്നവർക്ക് നേരെ സ്വീക രിക്കേണ്ട ഒരു പൊതു സമീപനമായി സർക്കാർ ഇതിനെ കാണുന്നുണ്ട്. ഇതിനകം തന്നെ കോർപ്പറേറ്റുകളുമായി കരാറുറപ്പിച്ച പല പദ്ധതികളും അല്ലെങ്കിൽ മുടങ്ങിപ്പോ കുമെന്ന് പിണറായി വിജയന് നന്നായറിയാം. 'നിക്ഷേപ കരെ ആകർഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവി കസനത്തിനാണ് ഊന്നൽ' എന്നും അദ്ദേഹം ഒന്നാം വാർഷിക പ്രസംഗത്തിൽ പറഞ്ഞിരുന്നല്ലോ. സി.എ.ജി റിപ്പോർട്ട് ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടും വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി മുന്നോട്ടുപോകു മെന്നും അദ്ദേഹം ഉറപ്പിച്ചു പറയുന്നുണ്ട്. ഗൗതം അദാനിയുടെ ഒരു പദ്ധതിക്ക് കേരളത്തിൽ മുടക്കം വരാൻ പാടില്ലല്ലോ. ഐ.ഒ.സിയും പുതുവൈപ്പിലെ പ്ലാന്റ് യാഥാർത്ഥ്യമായാൽ പൈപ്പ്ലൈൻ വഴി നഗരങ്ങളിൽ പാച കവാതക വിതരണം നടത്താനുള്ള ഒരു കൂട്ടുകച്ചവട കരാർ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പുവച്ചിട്ടു ണ്ടെന്നതും ഇതോടൊപ്പം ഓർക്കണം. കരുതിയിരിക്കുക സർക്കാർ ഒപ്പമുണ്ട്...! ▪